(എ) ഉണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ പ്രധാന ജോലികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് സബ്രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 1/1/1996-നുശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണങ്ങൾക്ക് കേരള മുദ്രപത്രനിയമം 45(ബി) പ്രകാരം ഫീസ് ഈടാക്കിവരുന്നുണ്ട്.

(സി) സബ്രജിസ്ട്രാർ ഓഫീസുകളിൽനിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ദിവസവും തയ്യാറാക്കുന്ന ആധാര പകർപ്പുകൾ, ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവ സംബന്ധിച്ചുള്ള ലിസ്റ്റ് പൊതു ജനങ്ങൾ അറിയുന്നതിന് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും എല്ലാ സബ്രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അഴിമതി തടയാൻ പ്രധാനമായും കാരണമായ വസ്തുവിലയുടെ കാര്യത്തിൽ ഫെയർ വാല്യു നിശ്ചയിക്കുന്നതിന് പ്രത്യേക സമിതി നൽകിയ റിപ്പോർട്ട് സർക്കാർ പരിഗണനയിലാണ്.

(ഡി) രജിസ്ട്രേഷൻ വകുപ്പിലെ ജോയിന്റ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിന്റെ അന്വേഷണം ഫലപ്രദമല്ലെന്ന് തോന്നുന്ന കേസുകളിൽ അങ്ങനെയുള്ള പരാതികൾ സംസ്ഥാന വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

21 (*331) ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കൺസോർഷ്യം

ശ്രീ. പി. വിശ്വൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകളുടെ സർപ്ലസ് ഫണ്ട് വിനിയോഗിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കൺസോർഷ്യം രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾക്കാണ് 'കൺസോർഷ്യ'ത്തിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകുന്നതും സാമ്പത്തികമായി വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നതുമായ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്ക് വായ്പ നൽകുന്നതിനായി സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകളുടെ നേതൃത്വത്തിലുള്ള ഒരു കൺസോർഷ്യം രൂപീകരിക്കുന്നതു സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടറായ ശ്രീ. അശ്വിനി കുമാർ റായിയെ 24.7.98-ലെ ജി.ഒ. (ആർ.ടി.) 274/98/ സഹ. നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുവാൻ 21.1.1999-ലെ ജി.ഒ. (ആർ.ടി.) 41/99/സഹ. നമ്പർ ഓർഡർ പ്രകാരം ഒരു സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സമിതി തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകി വിജയകരമായി നടപ്പിലാക്കാൻ സാധിക്കുമെന്ന് ഉറപ്പുള്ളതും എന്നാൽ പണത്തിന്റെ അപര്യാപ്തതമൂലം നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും കൺസോർഷ്യം വായ്പയും ഉപയോഗിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന റോഡുകൾ, പാലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്കുവേണ്ടിയുള്ള ധനസഹായമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(ഡി) സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടെ സർപ്ലസ് ഫണ്ട് വിനിയോഗിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഒരു ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കൺസോർഷ്യം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. അതനുസരിച്ച് 1969ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് '57' (സി) കൺസോർഷ്യം ലെൻഡിംഗ് സ്കീം എന്ന പുതിയ പദ്ധതി ഉൾപ്പെടുത്തുന്നതിനുള്ള കരട് ബിൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. സഹകരണ സംഘങ്ങൾ, വികസന അതോറിറ്റികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അല്ലെങ്കിൽ അതുപോലുള്ള സമാന സ്ഥാപനങ്ങൾക്ക് വ്യക്തമായ പദ്ധതിയുടെ അടിസ്ഥാനത്തിൽ വായ്പ നൽകുന്നതിനാണ് ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. സംസ്ഥാന സഹകരണബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സംഘങ്ങൾ എന്നിവയിൽ ഉണ്ടാകുന്ന മിച്ച ഫണ്ടുകളെ ഒരു പൂളിൽ കൊണ്ടുവന്ന് നാടിന്റെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്ന വാണിജ്യ പരമായി സ്വയം പര്യാപ്തമാവുന്ന പദ്ധതികൾക്ക് റിസർവ് ബാങ്കിന്റേയും നബാർഡിന്റേയും നിയന്ത്രണങ്ങൾക്ക് വിധേയമായി ഫണ്ട് നൽകാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന റോഡുകൾ, പാലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് വേണ്ടിയുള്ള ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും കൺസോർഷ്യം വായ്പയും ഉപയോഗിച്ച് നടപ്പിലാക്കാവുന്നതാണ്.

22 (*332) ഫോർമൽ എഡ്യൂക്കേഷനിലേക്കുള്ള പ്രവേശന പ്രായം

<u>ശ്രീ. ടി.എം. ജേക്കബ്</u> :

<u>ശ്രീ. ജോണി നെല്ലൂർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർമൽ എഡ്യൂക്കേഷനിലേക്കുള്ള കുട്ടികളുടെ പ്രവേശന പ്രായം അഞ്ച് വയസ്സിന് മുകളിൽ എന്നുള്ളത് മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly